**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3622** **27-06-2024 - ൽ മറുപടിയ്ക്ക്**

**രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്സിന്റെ പ്രവർത്തന വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കരയിലെ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തന വിപുലീകരണത്തിനും അന്താരാഷ്ട്ര ശ്രദ്ധ ആർജ്ജിക്കുംവിധം ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | 26.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 145/2023/RD പ്രകാരം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ.സർവ്വേ 8/2- ൽ പെട്ടതും രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിനു വിട്ടു നൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമായ പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി, പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ, സൗജന്യ നിരക്കായ ഒരു ആറിന് പ്രതിവർഷം 100/- രൂപ നിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററിന്റെ സമഗ്ര വികസനത്തിനായുള്ള ഒരു സമ്പൂർണ്ണ നിർദ്ദേശം സർവകലാശാലയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ